ഓർത്തഡോക്സ് സഭ
അൽമായവേദി

വാല്യം 1 ലക്കം 1 | കോട്ടയം | 024 ഡിസംബർ 26 | പേജ് 4









മലങ്കരസഭാ ഭരണഘടനാ ശില്പികൾ














മലങ്കരസഭാ ഭരണഘടനാ നിർമ്മാണ ശ്രമങ്ങൾക്ക് തുടക്കം കുറിച്ച പ. ഗീവർഗീസ് മാർ ദീവന്നാസ്യോസും ഭരണഘടന പാസ്സാക്കിയ അസോസിയേഷൻ വിളിച്ചുകൂട്ടിയ പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കായും സുന്നഹദോസ് അംഗങ്ങളായ കുറിയാക്കോസ് മാർ ഗ്രീഗോറിയോസും ഗീവർഗീസ് മാർ പീലക്സീനോസും 1930 സെപ്റ്റംബർ 4-ന് പഴയസെമിനാരിയിൽ കൂടിയ മലങ്കര സുറിയാനിക്രിസ്ത്യാനി അസോസിയേഷൻ ഭരണഘടന തയ്യാറാക്കുവാൻ നിയമിച്ച കമ്മിറ്റി അംഗങ്ങളും. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, ഫാ. റ്റി. വി. ജോൺ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, പത്രോസ് മത്തായി, ജേക്കബ് കുര്യൻ, ഇ. ജെ. ഫിലിപ്പോസ്, ഡോ. സി. റ്റി. ഈപ്പൻ, റാവു സാഹിബ് ഒ. എം. ചെറിയാൻ (കൺവീനർ), റ്റി. ജോസഫ്, സി. പി. തരകൻ, കെ. റ്റി. മാത്യു. പി. റ്റി. ഈപ്പന്റെ ഫോട്ടോ ലഭ്യമായിട്ടില്ല.

മലങ്കര സഭാ ഭരണഘടനയുടെ ചരിത്രം

ഡെറിൻ രാജു

നവതി നിറവിൽ നിൽക്കുന്ന മലങ്കരസഭയുടെ ഭരണഘടനയുടെ ചരിത്രം അത്രയെളുപ്പം എഴുതിയോ പറഞ്ഞോ പോകാവുന്നയൊന്നല്ല. ഏതാണ്ട് ഒന്നര പതിറ്റാണ്ടു കാലം നീണ്ടതാണ് അതിന്റെ നിർമ്മാണ ചരിത്രം തന്നെ. അതുകൊണ്ടു തന്നെ നിർമ്മാണ ചരിത്രം ഒരല്പം വിശദമായും ബാക്കി ചരിത്രത്തിലൂടെ ഒരോട്ടപ്രദക്ഷിണവുമാണ് ഉദ്ദേശിക്കുന്നത്. 1934-ൽ മലങ്കരസഭാ ഭരണഘടന ക്രോഡീകരിക്കപ്പെട്ടു എന്നതുകൊണ്ട് 1934 വരെ നസ്രാണികൾ ഭരണക്രമമില്ലാതെ തോന്നുംപടി കഴിയുകയായിരുന്നു എന്ന് അർത്ഥമില്ല. വിവിധ കാലങ്ങളിലുണ്ടായ അങ്കമാലി, പുതിയകാവ്, കണ്ടനാട് പടിയോലകളൊക്കെ നസ്രാണികളുടെ ഭരണരീതികളെ സംബന്ധിച്ച നിശ്ചയങ്ങൾ ഉള്ളതായിരുന്നു. എന്നാൽ ഇവ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ഒരു പ്രധാന പോരായ്മ ഇതൊന്നുംതന്നെ സമഗ്രമായിരുന്നില്ല എന്നതായിരുന്നു; കാരണം ഇവയൊക്കെയും ഏതെങ്കിലും ഒരു കാരണത്തെ മുൻനിർത്തി നടത്തിയ ആലോചനകളുമായി ബന്ധപ്പെട്ട് രൂപീകരിച്ചതായിരുന്നു. എന്നാൽ ഇത്തരം യോഗനിശ്ചയങ്ങളിൽ ഏറെക്കുറെ സമഗ്രമായ ഒരു നിശ്ചയമായിരുന്നു 1853-ൽ കോട്ടയത്തു ചേർന്ന യോഗനിശ്ചയം. ഇത് 'കോട്ടയം ചട്ടവര്യോല' എന്നറിയപ്പെടുന്നു. 1853 കുംഭം 2-നു പഴയസെമിനാരിയിൽ പാലക്കുന്നത്തു മാത്യൂസ് അത്താനാസിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പള്ളിപ്രതിപുരുഷയോഗത്തിൽ ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ മുതൽപേർ ചട്ടങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിച്ചു. 103 വ്യവസ്ഥകളാണ് ഉണ്ടായിരുന്നത്. 1934-ലെ ഭരണഘടനയുടെ മുൻഗാമി എന്നു തന്നെ വിശേഷിപ്പിക്കാവുന്ന ഈ കോട്ടയം നിശ്ചയങ്ങളിൽ ഇടവകയുടെ പൊതുയോഗം, അതിൽ വികാരിയുടെ സ്ഥാനം, വൈദിക വിദ്യാഭ്യാസം, പട്ടംകൊടയ്ക്കുള്ള വ്യവസ്ഥകൾ, പള്ളി വരുമാനങ്ങൾ, കൈക്കാരന്റെ ചുമതല തുടങ്ങി നിരവധി പ്രസക്തമായ വകുപ്പുകൾ ഉൾക്കൊണ്ടിരുന്നു. പിന്നീട് 1873-ലെ പരുമല സുന്നഹദോസും 1876-ലെ മുളന്തുരുത്തി സുന്നഹദോസും ഒക്കെ തന്നെ നസ്രാണിയുടെ ഭരണരീതിയെ സ്വാധീനിക്കുന്ന പല നിശ്ചയങ്ങളും രൂപപ്പെടുത്തിയിരുന്നു.

20-ാം നൂറ്റാണ്ട് ലോകത്തിൽ പലയിടത്തും ജനാധിപത്യ സംവിധാനങ്ങൾക്കായുള്ള ശ്രമങ്ങളും മുറവിളികളും നടന്ന കാലമായിരുന്നല്ലോ. മലങ്കര സഭയിലും അതിന്റെ അനുരണനങ്ങൾ ഉണ്ടാവുകയും അത് 1934-ലെ ഭരണഘടനാ നിർമ്മാണത്തിൽ കലാശിക്കുകയുമായിരുന്നു എന്ന് ചിന്തിച്ചാൽ അപാകതയില്ല. 1920-കളിൽ സഭയിലും ജനാധിപത്യവാദികൾ മുറവിളികൾ തുടങ്ങിയിരുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ ഏകനായകത്വ ഭരണം അവസാനിപ്പിച്ച് ഇടവകഭരണത്തിലും സമുദായഭരണത്തിലും കൂടുതൽ പ്രാതിനിധ്യം ജനാധിപത്യവാദികൾ ആഗ്രഹിച്ചു. അതിനായി അവർ പ്രവർത്തനം ആരംഭിച്ചു. 1920-ൽ തിരുവനന്തപുരത്തു നിന്ന് ആരംഭിച്ച 'സുറിയാനിസഭ' എന്ന മാസിക ഈ ലക്ഷ്യത്തിനു വേണ്ടിയുള്ളതായിരുന്നു. ചിത്രമെഴുത്ത് കെ. എം. വർഗീസ്, വി. കെ. സഖറിയ, വി. ഐ. ജേക്കബ്, ഫീലിപ്പോസ് മത്തായി എന്നിവർ പത്രാധിപസമിതി അംഗങ്ങളുമായിരുന്നു. പടിയോലയും നടപ്പുരീതികളും സുന്നഹദോസ് നിശ്ചയങ്ങളുമല്ല മറിച്ച് വ്യവസ്ഥാപിതമായ ഒരു ഭരണക്രമമാണ് മലങ്കരസഭയ്ക്ക് ആവശ്യമെന്നും എന്നാൽ അത് എപ്പിസ്ക്കോപ്പൽ കേന്ദ്രീകൃതമാകരുതെന്നും മാസിക ലേഖനങ്ങളിലൂടെയും മുഖപ്രസംഗങ്ങളിലൂടെയും ആവശ്യപ്പെട്ടു. പത്രോസ് മത്തായി, ഫാ. എൻ. പി. സ്കറിയാ, അഡ്വ. പൈലി മത്തായി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, പി. കെ. മാത്യു തുടങ്ങിയ പല പ്രമുഖ നേതാക്കളും തുടർച്ചയായി ലേഖനങ്ങൾ എഴുതി. സുറിയാനി സഭാ മാസിക മലങ്കര-അന്ത്യോഖ്യൻ ബന്ധത്തെ വ്യവസ്ഥാപിത രീതിയിലാക്കുവാൻ നിർദ്ദേശിച്ചും എപ്പിസ്കോപ്പൽ ഭരണരീതിയെ എതിർത്തുംകൊണ്ട് ഒരു ഭരണഘടനാ ഡ്രാഫ്റ്റ് തന്നെ അവതരിപ്പിച്ചു. 1920 മേടം – ഇടവം ലക്കത്തിൽ സുറിയാനി സഭാ മാസികയിൽ മലങ്കരസഭാ ഭരണനിയമത്തിന്റെ കരടുബിൽ പ്രസിദ്ധീകരിച്ചു. പിൽക്കാലത്ത് ഭരണഘടനയുടെ ഭാഗമായ പല വകുപ്പുകളും (ഉദാ: ഇടവകയോഗം, മാനേജിംഗ് കമ്മിറ്റി, കൈക്കാരൻ, സെക്രട്ടറി, മെത്രാസന ഇടവക തുടങ്ങിയവ) ഈ ഡ്രാഫ്റ്റിന്റെ ഭാഗമായിരുന്നു.

കരടുബിൽ പുറത്തിറക്കിയ ശേഷം കുറച്ച് കാലം കൂടി സുറിയാനി സഭ പ്രസിദ്ധീകരണം തുടർന്നു. നിരവധിയായ മുറവിളികൾക്കു ശേഷവും സഭ ഔദ്യോഗികമായി ഭരണഘടനാ നിർമ്മാണത്തിനു ഒരുമ്പെട്ടില്ല. രണ്ട് വർഷത്തിനുശേഷം 'സുറിയാനി സഭ' പ്രസിദ്ധീകരണം അവസാനിപ്പിച്ചു. പിന്നീട് പത്തു വർഷത്തിനുശേഷം ഭരണഘടനാ നിർമ്മാണശ്രമങ്ങൾ നടന്നുവരുന്ന സമയത്ത് ഈ മാസികയുടെ പ്രവർത്തകരും പിന്തുണക്കാരുമായിരുന്ന ടി. ജോസഫ്, ജേക്കബ് കുര്യൻ, പി. റ്റി. ഈപ്പൻ, പത്രോസ് മത്തായി, കെ. റ്റി. മാത്യു എന്നിവർ ചേർന്നു ഒരു ഡ്രാഫ്റ്റ് തയ്യാറാക്കുകയും ആ ഡ്രാഫ്റ്റ് സഭാംഗങ്ങൾക്കും പ്രത്യേകിച്ച് ഭരണഘടനാ നിർമ്മാണ കമ്മിറ്റിയംഗങ്ങൾക്കും അയച്ചുകൊടുക്കുകയും ചെയ്തു.

ഔദ്യോഗിക ശ്രമങ്ങൾ

1920-കളുടെ ആരംഭത്തിൽ ഭരണഘടനാ നിർമ്മാണമെന്ന ആശയത്തോട് പൊതുവേ സഭാനേതൃത്വത്തിനു പ്രതിപത്തിയില്ലായിരുന്നു എന്നു സുറിയാനി സഭയിലെ ലേഖനങ്ങൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ പിന്നീട് ആ നിലപാടിനു മാറ്റം വരുന്നുണ്ട്. ഭരണഘടന എഴുതാനുള്ള കമ്മിറ്റിയെ 1930 ഓഗസ്റ്റ് 17-നു മാനേജിംഗ് കമ്മിറ്റി തിരഞ്ഞെടുക്കുകയും സെപ്തംബർ 4-നു അസോസിയേഷൻ അംഗീകരിക്കുകയും ചെയ്തു. റാവു സാഹിബ് ഒ. എം. ചെറിയാൻ കൺവീനറായുള്ള കമ്മിറ്റിയിലെ അംഗങ്ങൾ പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, റ്റി. വി. ജോൺ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, സി. പി. തരകൻ, പത്രോസ് മത്തായി, റ്റി. ജോസഫ്, ജേക്കബ് കുര്യൻ, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ, ഇ. ജെ. ഫിലിപ്പോസ്, ഡോ. സി. റ്റി. ഈപ്പൻ എന്നിവരായിരുന്നു. തുടർന്ന് കമ്മിറ്റി പലതവണ യോഗം ചേരുകയും ചർച്ചകൾ നടത്തുകയും ചെയ്തു.

ആശയപരമായ അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമാകുകയാണെന്ന് ബോദ്ധ്യപ്പെട്ട മാർ ദീവന്നാസിയോസ് ഭരണഘടനയെ സംബന്ധിച്ച തന്റെ അഭിപ്രായങ്ങൾ പൊതുസമൂഹത്തെ അറിയിക്കുവാൻ തീരുമാനിച്ചു. 'സുറിയാനി സഭയുടെ ഭരണഘടനയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ' എന്ന പേരിൽ അന്ന് ശനിയാഴ്ച തോറും പ്രസിദ്ധീകരിച്ചിരുന്ന 'കേരള കേസരി' പത്രത്തിൽ 1932 ജൂലൈ 2 മുതൽ സെപ്തംബർ 10 വരെ പ്രസിദ്ധപ്പെടുത്തി. മലങ്കരസഭാ ഭരണഘടനയുടെ ആദ്യ ഔദ്യോഗിക ഡ്രാഫ്റ്റായി ഇതിനെ പരിഗണിക്കാം. 156 വകുപ്പുകൾ ഉൾക്കൊള്ളുന്ന ആ ഡ്രാഫ്റ്റിനെപ്പറ്റിയുള്ള വിശകലനത്തിലേക്ക് കടക്കുന്നില്ല. വികേന്ദ്രീകരണം, മിഷൻ പ്രവർത്തനങ്ങൾ, അന്ത്യോഖ്യൻ ബന്ധം, ശ്ലൈഹിക സിംഹാസനം തുടങ്ങി പിൽക്കാലത്ത് കൃത്യമായി നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാതെ പോയ പല വിഷയങ്ങളും ഈ ഡ്രാഫ്റ്റ് രേഖയിൽ കണ്ടെത്താൻ സാധിക്കും.

മാർ ദീവന്നാസിയോസിന്റെ ഡ്രാഫ്റ്റ് കേരള കേസരി പ്രസിദ്ധീകരിച്ചതോടു കൂടി ഭരണഘടന നിർമ്മാണ കമ്മിറ്റിക്കാരും ഉത്സുകരായി. എങ്കിലും ചില വകുപ്പുകൾ കല്ലുകടിയായി തന്നെ തുടർന്നു. ആശയ ഭിന്നതകൾക്കിടയിലും നിർമ്മാണ കമ്മിറ്റിയും ഡ്രാഫ്റ്റുകളുമായി മുന്നോട്ടു വന്നു. നക്കൽ ഭരണഘടന അച്ചടിപ്പിച്ച് 1932 നവംബർ 30-ന് ഒ. എം. ചെറിയാന്റെ കവറിംഗ് ലെറ്ററോടു കൂടി സഭയിലെ പ്രമുഖ വ്യക്തികൾക്ക് അയച്ചുകൊടുത്തു. 25 ഭാഗങ്ങളായി 144-ൽപരം വകുപ്പുകൾ ഇതിൽ ഉൾക്കൊണ്ടിരുന്നു.

ഒ. എം. ചെറിയാന്റെ ഡ്രാഫ്റ്റിനു ശേഷവും ചർച്ചകൾ തുടർന്നു. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് 1934 ഫെബ്രുവരി 23-നു കാലം ചെയ്തു. അതിനു മുമ്പ് തന്നെ 1934 മാർച്ച് 20-നു ഒരു അസോസിയേഷൻ കൂടാൻ നോട്ടീസ് അയച്ചിരുന്നു. എങ്കിലും സമാധാനാലോചനകളുടെ പേരിൽ അത് ഉപേക്ഷിച്ചു. പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തുടർന്ന് ഹോംസിൽ പോയി അപ്രേം പ്രഥമൻ ബാവായെ സന്ദർശിച്ചു ചർച്ചകൾ നടത്തിയെങ്കിലും അത് ഫലവത്തായില്ല. അദ്ദേഹം തിരികെ എത്തിയശേഷം അസോസിയേഷൻ നടപടികളുമായി മുന്നോട്ടു പോയി. 1934 ഡിസംബർ 26-നു അസോസിയേഷൻ കൂടുവാൻ നോട്ടീസയച്ചു. പത്രത്തിലും പരസ്യം ചെയ്തു. നിശ്ചയിച്ച പ്രകാരം 1934 ഡിസംബർ 26-നു സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കോട്ടയം എം.ഡി. സെമിനാരിയിൽ കൂടി. അജണ്ടായിലെ അഞ്ചാമത്തെ വിഷയമായി ഭരണഘടനാ നിർമ്മാണം പരിഗണിച്ചു. നവംബർ 12, 13 തീയതികളിൽ കൂടിയ മാനേജിംഗ് കമ്മിറ്റി പാസാക്കിയ ഭരണഘടനാ ബിൽ അസോസിയേഷനിൽ സമർപ്പിക്കുന്നതിനു മുമ്പായി ഓരോ വകുപ്പുകളായി പരിഗണിച്ച് ഭേദഗതികൾ നിർദ്ദേശിക്കുന്നത് നന്നായിരിക്കും എന്നും അതിനായി ഒരു സമിതിയെ രൂപീകരിക്കണമെന്നും ഈ കമ്മിറ്റി ഉച്ചഭക്ഷണത്തിനു ശേഷം കൂടി ബില്ലിൽ വരുത്തേണ്ട ഭേദഗതികളോടു കൂടി അസോസിയേഷനു സമർപ്പിക്കണമെന്നും ഇ. ജെ. ഫിലിപ്പോസ് അഭിപ്രായപ്പെട്ടു. പി. എം. മാമ്മൻ അതിനെ പിന്താങ്ങുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഒരു 34 അംഗ കമ്മിറ്റിയെ തിരഞ്ഞെടുത്തു. കമ്മിറ്റി ഉച്ചഭക്ഷണത്തിനു ശേഷം യോഗം ചേർന്ന് ബില്ലിൽ വരുത്തേണ്ട ഭേദഗതികൾ ചർച്ച ചെയ്തു. ഭേദഗതികൾ പൂർത്തിയായ ശേഷം അസോസിയേഷൻ 4 മണിക്ക് കൂടി. തുടർന്ന് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളോടു കൂടി ഭരണഘടന പാസാക്കുന്നു എന്ന പ്രമേയം ഇ. ജെ. ഫീലിപ്പോസ് അവതരിപ്പിക്കുകയും റ്റി. വി. ജോൺ കത്തനാർ പിന്താങ്ങുകയും ചെയ്തു. അപ്രകാരം അസോസിയേഷൻ പാസാക്കിയ ഉടനെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രസിഡണ്ട് എന്ന നിലയിൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഭരണഘടന പാസാക്കിയതായി പ. കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു. അങ്ങനെ മലങ്കരസഭയുടെ ഭരണഘടന 1934 ഡിസംബർ 26-നു പാസായി നിലവിൽ വന്നു. തുടർന്ന് 1000 കോപ്പി മനോരമ പ്രസിൽ അച്ചടിച്ച് പള്ളികൾക്ക് അയച്ചുകൊടുത്തു. ഇങ്ങനെ മലങ്കരസഭയുടെ ഭരണഘടന നിലവിൽ വന്നു.

ഏതാണ്ട് 15 വർഷക്കാലത്തെ ചർച്ചകളുടെയും വാദപ്രതിവാദങ്ങളുടെയും ആശയ സംവാദങ്ങളുടെയും ആകെത്തുകയാണ് മലങ്കരസഭാ ഭരണഘടന. ഇത് ഒരു ദിവസം കൊണ്ട് ഉണ്ടായതോ നൂലിൽ കെട്ടി ഇറക്കിയതോ ആയ ഒന്നല്ല. നാം മനസ്സിലാക്കേണ്ടതായ ഭരണഘടനയുടെ നിർമ്മാണ ചരിത്രം ഇതാണ്.

1934-ൽ പാസാക്കിയ ഈ ഭരണഘടനയ്ക്ക് വിവിധ കാലങ്ങളിൽ വിവിധ ഭേദഗതികൾ മിക്കവാറും എല്ലാ വകുപ്പുകൾക്കും ഉണ്ടായിട്ടുണ്ട്. സജീവമായ ഏത് നിയമസംഹിതയും കാലാകാലങ്ങളിൽ അവലോകനം ചെയ്യപ്പെടുകയും പരിതസ്ഥിതികൾക്കും സാമൂഹിക സാഹചര്യങ്ങൾക്കും അനുസരിച്ച് ഭേദഗതി ചെയ്യപ്പെടുകയും ചെയ്യും. 1934-ൽ പാസാക്കിയ ഭരണഘടനയുടെ 120, 121 വകുപ്പുകളിലായിട്ടായിരുന്നു ഈ ഭേദഗതികളെപ്പറ്റി പറയുന്നത്. ഇതിൻപ്രകാരം നാലു തവണയാണ് സഭാ ഭരണഘടന ഭേദഗതി ചെയ്തത്. 1951, 1967, 2006, 2011. 1997-ൽ ഒരു തവണ ഇന്ത്യൻ സുപ്രീംകോടതി തന്നെ ഭരണഘടന ഭേദഗതി ചെയ്തു. 1958-ലെ സഭായോജിപ്പിനെ തുടർന്ന് പഴയ ഇരുകക്ഷികളിലെയും അംഗങ്ങൾ ഉൾപ്പെടുന്ന റൂൾ കമ്മിറ്റിയാണ് 1967-ലെ ഭേദഗതികൾ നിർദ്ദേശിച്ചത്. ആറു മുതൽ 44 വരെയുള്ള ഇടവകഭരണവുമായി ബന്ധപ്പെട്ട വകുപ്പുകളാണ് അത്തവണ ഭേദഗതി ചെയ്തത്. തങ്ങളും കൂടി ചേർന്ന് ഭേദഗതി ചെയ്ത ഭരണഘടനയെയാണ് തങ്ങൾ കണ്ടിട്ടേയില്ലായെന്ന് മലങ്കരയിലെ പാത്രിയർക്കാ അനുകൂലികൾ ഇപ്പോൾ പ്രചരിപ്പിക്കുന്നത്. അടുത്ത ഭേദഗതികൾ നിർദേശിച്ചത് ബഹു. സുപ്രീംകോടതി തന്നെയാണ്. അങ്ങനെ മെത്രാസന പൊതുയോഗത്തിലെയും മലങ്കര അസോസിയേഷനിലെയും ഒരു പള്ളിയുടെ പ്രാതിനിധ്യം ഒരു വൈദികനും അംഗബലമനുസരിച്ച് ഒന്നു മുതൽ പത്തു വരെ അയ്മേനികളുമായി. 2006-ൽ നടന്ന ഭേദഗതിയിൽ ഈ രണ്ട് വകുപ്പുകളും ഭരണഘടനയുടെ ഭാഗമാക്കി. മെത്രാസന കൗൺസിൽ കാലാവധി വർദ്ധിച്ചു. സിവിൽ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട 135-ാം വകുപ്പ് കൂട്ടിച്ചേർത്തു. അവസാനമായി ഭരണഘടന ഭേദഗതി ചെയ്തത് 2011-ലാണ്. സ്ത്രീകൾക്ക് ഇടവകയോഗത്തിൽ അംഗത്വവും ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടാനുള്ള അവകാശവും നൽകിയതാണ് പ്രധാന ഭേദഗതി. ഓരോ തവണ ബഹു. സുപ്രീം കോടതി പരിഗണിച്ചതും ഇപ്രകാരം ഭേദഗതികൾ വരുത്തിയ ഭരണഘടനകളാണ്. നിയമപ്രകാരം ഏത് വകുപ്പും ഭേദഗതി ചെയ്യാൻ 2017 ജൂലൈ 3-ലെ വിധി അനുമതിയും നൽകുന്നു.

വിവിധ കോടതികളിലായി നൂറുകണക്കിനു തവണ പരിഗണിക്കുകയും വിശകലനം ചെയ്യപ്പെടുകയും ചെയ്ത ഒരു രേഖയാണ് 1934-ലെ മലങ്കരസഭാ ഭരണഘടന. 1958-ൽ സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ചും 1995-ലും 2018-ലും മൂന്നംഗ ബെഞ്ചും 2017-ൽ രണ്ടംഗ ബഞ്ചും സഭാ ഭരണഘടന പരിഗണിച്ചതാണ്. "ഭരണഘടനാ നിർമ്മാണം സാധുവല്ല; ഭരണഘടനയ്ക്കു ഇടവകപള്ളികളുടെ അംഗീകാരമില്ല, ഭരണഘടന ഇടവകപള്ളികൾക്കു ബാധകമല്ല; ഭരണഘടനയ്ക്കു രജിസ്ട്രേഷൻ വേണം, ഭരണഘടനയ്ക്കു ഭേദഗതികൾ പാടില്ല" തുടങ്ങി നിരവധി വാദങ്ങൾ കഴിഞ്ഞ 90 വർഷത്തിനിടയ്ക്ക് ഉയർന്നതും കോടതി തീർപ്പാക്കിയതുമാണ്. ഭേദഗതി ചെയ്യപ്പെട്ട ഭരണഘടനപ്രകാരം മലങ്കരസഭ ഭരിക്കപ്പെട്ടു എന്ന് 1995-ൽ ബഹു. സുപ്രീംകോടതി കണ്ടെത്തി ആ ഭരണഘടന സാധുവാണെന്നും അത് സഭയ്ക്ക് ബാധകമാണെന്നും പാത്രിയർക്കീസ് മലങ്കരസഭാ ഭരണഘടന അംഗീകരിച്ചതാണെന്നും പാത്രിയർക്കീസ് വിഭാഗത്തിന് ഭരണഘടനയുടെ സാധുതയെ ചോദ്യം ചെയ്യാനാവില്ല എന്നും കോടതി കണ്ടെത്തി. 2017-ലെ വിധി 1995-ലെ വിധിയെ കുറച്ചു കൂടി വിപുലീകരിച്ചു. 1934 ഭരണഘടന ഇടവകപള്ളികളെ പൂർണമായും നിയന്ത്രിക്കുന്നതാണ്. സഭാ ഭരണഘടനയിലെ വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയുടെ 25, 26 അനുച്ഛേദങ്ങൾക്ക് വിരുദ്ധമല്ല എന്നും കോടതി കണ്ടെത്തി. നിയമാനുസൃതം ഭരണഘടന ഭേദഗതി ചെയ്യാവുന്നതാണെന്നും ഒരു ഉടമ്പടിക്കും ഭരണഘടനയെ മറികടക്കുവാൻ സാധിക്കുകയില്ല എന്നും ഭരണഘടന രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല (ഒരു ഭരണക്രമം മാത്രമാണെന്നും) എന്നും കോടതി വ്യക്തമാക്കി. ഒരിക്കൽ സ്വീകരിച്ച ഭരണഘടന പിന്നീട് തള്ളിക്കളയുവാൻ സാധിക്കുകയില്ലായെന്ന വിചാരണക്കോടതിയുടെ കണ്ടെത്തൽ 2018-ൽ കട്ടച്ചിറ പള്ളി ക്കേസിൽ ചീഫ് ജസ്റ്റീസ് രഞ്ജൻ ഗോഗോയി അദ്ധ്യക്ഷനായ ബഞ്ച് ശരിവച്ചു. 2020-ൽ ഒരു ക്ലാരിഫിക്കേഷൻ പെറ്റീഷനും സമർപ്പിക്കപ്പെട്ടു. അതിലെ പ്രധാന ആവശ്യങ്ങൾ റഫറണ്ടം നടത്തുക, ഭരണഘടനയുടെ ഭേദഗതികൾ റദ്ദാക്കുക, പാത്രിയർക്കീസിനെ പരമാധികാരിയായി പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ആയിരുന്നു. അതും സുപ്രീംകോടതി തള്ളിക്കളയുകയായിരുന്നു. ഈ തള്ളിക്കളഞ്ഞ ആവശ്യങ്ങൾ തന്നെയാണ് വീണ്ടും പല രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്.

ഈ ഭരണഘടനയുടെ സംരക്ഷകരും ഇതിന്റെ ഉപഭോക്താക്കളും നമ്മൾ തന്നെയാണ്. ഈ സഭയിൽ സ്ഥാനം വഹിക്കുന്ന ഏതു വ്യക്തിയും ഈ ഭരണഘടനയിൽ ബന്ധിക്കപ്പെട്ടയാളാണ്. ഇതിനെ ശക്തിപ്പെടുത്തുന്നതാകട്ടെ നമ്മുടെ പ്രവർത്തനങ്ങൾ. ഇത് ഭിന്നതയ്ക്കുള്ള ഒന്നല്ല; നമ്മെ ഒരുമിപ്പിക്കുന്നതാകട്ടെ, തെറ്റിദ്ധാരണകളും മുൻവിധികളും മാറ്റി ഒരുമിച്ച് മുന്നേറാൻ, സഹവർത്തിത്വത്തോടെ സ്നേഹത്തോടും ഐക്യത്തോടും മുന്നോട്ടു പോകുവാൻ നമുക്ക് സാധിക്കട്ടെ. കാതോലിക്കേറ്റിനെ നിർവചിച്ചത് ഭരണഘടനയാണ്. ഭരണഘടനയിലൂടെ കാതോലിക്കേറ്റിന്റെ പ്രസക്തി വർദ്ധിച്ചെന്നു കോടതി തന്നെ കണ്ടെത്തിയതാണ്. അതിനെ ബലപ്പെടുത്തുന്നതും ശക്തിപ്പെടുത്തുന്നതുമാകട്ടെ നമ്മുടെ പ്രവർത്തനങ്ങളും ആശയങ്ങളും ശ്രമങ്ങളും.

(ഉടൻ പ്രസിദ്ധീകരിക്കുന്ന മാർത്തോമ്മൻ പൈതൃക സ്മൃതി എന്ന ഗ്രന്ഥത്തിൽ നിന്നും)

Orthodox Sabha Almayavedhi
Reg. No. KTM/TC/126/2024
Vadakara Building 16/42,
Pampady P.O., Kottayam
Mob: 9846508366

President: **Sunil C Abraham**
Mob: 9447169639

Secretary: **Dr Robin P Mathew**
Mob: 9847255405

മലങ്കരസഭാ ഭരണഘടനയും വിഘടിത വിഭാഗവും

ജോയ്സ് തോട്ടയ്ക്കാട്

മലങ്കരസഭയുടെ 1934-ൽ പാസ്സാക്കി പിന്നീട് പല തവണ ഭേദഗതി ചെയ്ത് നിലവിലിരിക്കുന്ന ഭരണഘടനയെ സംബന്ധിച്ച് പല തെറ്റിദ്ധാരണകളും പരത്തുവാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ട്. ഇത് സംബന്ധിച്ച് അവശ്യം മനസ്സിലാക്കിയിരിക്കേണ്ട ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കുന്നു.

കോട്ടയം എം.ഡി. സെമിനാരിയിൽ 1934 ഡിസംബർ 26-നു (1110 ധനു 11) കൂടിയ (മലങ്കര) സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസും പാസ്സാക്കി അന്നു മുതൽ നടപ്പിലിരിക്കുന്നതാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടന. *ഈ ഭരണഘടനയിൽ കാലസ്ഥിതി അനുസരിച്ചും സൗകര്യം അനുസരിച്ചും* പിന്നീട് ആവശ്യമായ ഭേദഗതികൾ വരുത്തി നടപ്പിൽ വരുത്തിയതാണ് ഇപ്പോഴുള്ള ഭരണഘടന.

1. 1934 ഭരണഘടന എന്ന് കോടതി വിധിയിൽ പറയുമ്പോഴും; മലങ്കര ഓർത്തഡോക്സ് സഭ '1934 ഭരണഘടനപ്രകാരം' എന്ന് പറയുമ്പോഴും അർത്ഥമാക്കുന്നത് 1934-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചർച്ച ചെയ്ത് പാസ്സാക്കിയ ഭരണഘടനയുടെ ഭേദഗതി ചെയ്ത് ഇപ്പോൾ നിലവിലിരിക്കുന്ന ഭരണഘടന എന്നാണ്.

2011-ലാണ് ഈ ഭരണഘടനയിൽ അവസാനമായി ഭേദഗതി വരുത്തിയത്. 2012-ൽ ആ ഭേദഗതികളോടു കൂടിയ ഭരണഘടന അച്ചടിച്ച് പ്രസിദ്ധീകരിച്ചു. അതിന്റെ പുതിയ പതിപ്പ് 2018 സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ചു. അതാണ് ഇപ്പോൾ നിലവിലിരിക്കുന്ന ഭരണഘടന.

1934-ൽ പാസ്സാക്കിയ ഭരണഘടന 1935-ൽ മലയാള മനോരമ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ കോപ്പി രജിസ്റ്റർ ചെയ്തിട്ടില്ല എന്നും, അച്ചടിച്ച പ്രസ്സിന് രജിസ്ട്രേഷൻ ഇല്ല എന്നും, അതിന്റെ കോപ്പി ഹാജരാക്കണമെന്നുമൊക്കെ പറഞ്ഞ് അടുത്ത കാലത്ത് പല കേസുകളും താഴ്ന്ന കോടതികളിൽ കൊടുക്കുകയും ചിലതൊക്കെ മേൽകോടതി തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്.

2. മലങ്കരസഭയുടെ യോജിപ്പിനും സമാധാനത്തിനുമായുള്ള ചർച്ചയ്ക്ക് മാനദണ്ഡമാകേണ്ടത് ഇപ്പോൾ നിലവിലിരിക്കുന്ന 2018 -ൽ പ്രസിദ്ധീകരിച്ച ഭരണഘടനയാണ്. 1935-ൽ പ്രസിദ്ധീകരിച്ച ഭരണഘടന കോടതി വ്യവഹാരത്തിൽ തെളിവിനും ചരിത്രപഠനത്തിനുമല്ലാതെ മറ്റൊരു കാര്യത്തിനും ഉപയോഗിക്കാനാവില്ല എന്നതാണ് സത്യം.

3. 1934-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചർച്ച ചെയ്ത് പാസ്സാക്കിയ ഭരണഘടനയും അസോസിയേഷൻ സംബന്ധമായ സകല രേഖകളും, 1935-ൽ കോട്ടയം ജില്ലാക്കോടതിയിൽ ആരംഭിച്ച സമുദായക്കേസിൽ ഹാജരാക്കുകയും വിവിധ കോടതികൾ അവ തലനാരിഴ കീറി പരിശോധിച്ച് 1958-ൽ സുപ്രീംകോടതി അവസാന വിധി പ്രസ്താവിച്ചതുമാണ്. ആ ഭരണഘടന സംബന്ധിച്ചോ അസോസിയേഷൻ സംബന്ധിച്ചോ ഇന്ത്യയിലെ ഒരു കോടതിയിലും ഒരു വാദവും ആർക്കും ഉന്നയിക്കാനാവില്ല. ഒരിക്കൽ തീർപ്പ് കല്പിച്ച വിഷയം വീണ്ടും തീർപ്പ് കല്പിക്കാനാവില്ല (റസ്ജുഡിക്കേറ്റാ) എന്ന നിയമപ്രശ്നം മൂലമാണ് ആ സ്ഥിതി ഉണ്ടായിരിക്കുന്നത്.

യോജിച്ച സഭയിലെ 1967-ലെ ഭേദഗതി

1951, 1967, 2006, 2011 എന്നീ വർഷങ്ങളിലാണ് മലങ്കരസഭാ ഭരണഘടനയ്ക്ക് ഭേദഗതികൾ വരുത്തിയിട്ടുള്ളത്. 1958-ലെ സുപ്രീംകോടതി വിധിയെ തുടർന്ന് സഭായോജിപ്പിന്റെ അന്തരീക്ഷത്തിലാണ് 1967-ലെ ഭേദഗതി ഉണ്ടായത്; അതായത് മുൻ പാത്രിയർക്കീസ് വിഭാഗം കൂടി ചേർന്നു നടത്തിയ ഭേദഗതി. മെത്രാപ്പോലീത്താമാർ, മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ, പള്ളികൾ തുടങ്ങി നാനാഭാഗത്തുനിന്നും ഭേദഗതി നിർദേശങ്ങൾ ക്ഷണിച്ചുകൊണ്ട് 1964-ൽ റൂൾ കമ്മിറ്റി ഇതിനുള്ള നടപടികൾ ആരംഭിച്ചു. ഭരണഘടന 127-ാം വകുപ്പ് അനുസരിച്ച് റൂൾ കമ്മിറ്റി സമർപ്പിച്ച ഭേദഗതികൾ 1967 ഏപ്രിൽ 14-നു കൂടിയ മാനേജിംഗ് കമ്മിറ്റി പാസ്സാക്കുകയും ജൂൺ 15, 16 തീയതികളിൽ കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയും ചെയ്തു. പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 1967 ജൂൺ 26-ലെ 156/67-ാം നമ്പർ കല്പനപ്രകാരം പുതുക്കിയ ഭരണഘടന നടപ്പിൽ വരുത്തി. പള്ളി ഇടവകയെ സംബന്ധിച്ചുള്ള 6 മുതൽ 44 വരെയുള്ള വകുപ്പുകളാണ് അന്നു ഭേദഗതി ചെയ്തത്. 18 മുതൽ 31 വരെയുള്ള വകുപ്പുകൾ യുക്തിസഹമായി പുനഃക്രമീകരിച്ചു. കൈക്കാരന്റെ തെരഞ്ഞെടുപ്പിനെ പറ്റിയുള്ള 34-ാം വകുപ്പ് പൂർണമായി ഭേദഗതി ചെയ്തു. 42, 134 വകുപ്പുകൾ നീക്കം ചെയ്തു.

അന്നത്തെ രണ്ടു റൂൾ കമ്മിറ്റികളിൽ (1960 - 1965, 1966 - 1970) മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (പ്രസിഡന്റ്), ടി.എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പാ, ഫാ. ജേക്കബ് മണലിൽ, ഫാ. പി. പി. ജോസഫ്, കുര്യൻ ഏബ്രഹാം, പി. സി. ഏബ്രഹാം, എം. ഏബ്രഹാം, വി.ഒ. മർക്കോസ്, ഇ. ജെ. ജോസഫ്, പി.എൻ. നൈനാൻ, ഡോ. എ. ടി. മർക്കോസ്, ചാക്കോ ജോർജ്, പി. ടി. വർഗീസ്, കെ. കോരുത്, കെ. എൻ. ചാക്കോ, ജേക്കബ് സ്റ്റീഫൻ, കെ. ടി. മാത്യു, എം.സി. പോത്തൻ എന്നിവരുണ്ടായിരുന്നു.

ഭേദഗതികൾ നിർദേശിച്ച അന്നത്തെ റൂൾ കമ്മിറ്റിയിലും പാസ്സാക്കിയ മാനേജിംഗ് കമ്മിറ്റിയിലും ക്നാനായക്കാർ ഉൾപ്പെടെ മുൻ പാത്രിയർക്കീസ് വിഭാഗക്കാരായ ഫാ. പി. പി. ജോസഫ് പുളിക്കപ്പറമ്പിൽ (കോട്ടയം), അഡ്വ. പി. ടി. വർഗീസ് (പെരുമ്പാവൂർ), വി.ഒ. മർക്കോസ് (കോട്ടയം), പി. ജേക്കബ് സ്റ്റീഫൻ (റാന്നി) തുടങ്ങിയ പ്രമുഖർ ഉണ്ടായിരുന്നുവെന്ന് വ്യക്തം. അവർ ഉന്നയിക്കാത്ത സംശയങ്ങളാണ് ഇപ്പോൾ ഉന്നയിക്കുന്നത്. ഏറ്റവും കുറഞ്ഞത് 1967 വരെയുള്ള കാര്യങ്ങൾ ചോദ്യം ചെയ്യാൻ ഇനി യാതൊരു അവകാശവും ഇപ്പോഴത്തെ പാത്രിയർക്കീസ് വിഭാഗത്തിനില്ല. മുൻ പാത്രിയർക്കീസ് വിഭാഗത്തെ ഇടവകപ്പള്ളികളിൽ നിലനിന്ന ചില പതിവുകൾക്കും കീഴ്വഴക്കങ്ങൾക്കും ഭരണഘടനാപരമായ പരിരക്ഷ നൽകുന്നതിനുള്ള ഭേദഗതികളും അന്നുണ്ടായി. *"ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടു കൂടി ഇടവകയെ വാർഡുകളായി തിരിച്ച് അതതു വാർഡുകളിലെ ഇടവകയോഗാംഗങ്ങളിൽ നിന്ന് ഇടവകയോഗത്തിലേക്ക് ഒന്നോ അതിലധികമോ പ്രതിനിധികളെ തെരഞ്ഞെടുക്കാവുന്നതും പ്രതിനിധികളുടെ യോഗം ചെയ്യുന്ന തീരുമാനം ഇടവകയോഗത്തിന്റെ തീരുമാനം ആയിരിക്കുന്നതും ആകുന്നു"* എന്ന ഭാഗം മലങ്കരസഭാ ഭരണഘടനയുടെ 12-ാം വകുപ്പിൽ 1967-ൽ ചേർത്തത് ഇങ്ങനെയാണെന്നു കരുതുന്നു. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അവകാശവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ 1958-നു ശേഷം യാതൊരു ഭേദഗതിയും ഉണ്ടായിട്ടില്ല.

മുൻ പാത്രിയർക്കീസ് ഭാഗക്കാരനായിരുന്ന പെരുമ്പാവൂർ വയലിപ്പറമ്പിൽ അഡ്വക്കേറ്റ് പി. ടി. വർഗീസ് യോജിച്ച മലങ്കരസഭയിലെ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലും റൂൾ കമ്മറ്റിയിലും (1959–1970) അംഗം ആയിരുന്നു. 1967-ലെ സഭാ ഭരണഘടനാ ഭേദഗതി, 1966-ലെ മാനേജിംഗ് കമ്മിറ്റി - വർക്കിംഗ് കമ്മിറ്റി നടപടിക്രമം, 1970-ലെ അസോസിയേഷൻ തെരഞ്ഞെടുപ്പു നടപടി ചട്ടം എന്നിവയുടെ രൂപീകരണ പ്രക്രിയകളിൽ സജീവ പങ്കാളിത്തം വഹിച്ചു. അദ്ദേഹം മലയാള മനോരമ പത്രത്തിൽ "മലങ്കര അസോസിയേഷൻ ഘടനയിൽ എങ്ങനെ വ്യത്യാസം വരുത്താം" എന്നൊരു ലേഖനം എഴുതിയത് അന്ന് ഭരണഘടനാ ഭേദഗതി സംബന്ധിച്ച് നടന്ന വിപുലമായ ചർച്ചകളെ സൂചിപ്പിക്കുന്നതാണ്. ആ ലേഖനത്തിലെ ഒരു ഭാഗം കാണുക:

"തെരഞ്ഞെടുപ്പിലെ തത്വം വിടാതെ 71-ാം വകുപ്പിന്റെ ഉപവകുപ്പായിട്ടോ, അഥവാ പ്രോവിസോ ആയിട്ടോ ഇതിനെ പരിഗണിക്കരുതോ. ഇടവകയോഗങ്ങളുടെ പ്രാതിനിധ്യമുള്ള ഒരു സമിതി മുറപ്രകാരം പാസ്സാക്കുന്ന നിശ്ചയത്തെ ചോദ്യം ചെയ്യുവാൻ ആരും മുതിരുമെന്നു തോന്നുന്നില്ല. നടപടി ക്രമാനുസരണമാണോയെന്നു നോക്കിയാൽ മതി. വ്യയഹേതുകവും, അതിവിപുലവുമായ ഒരു സമ്മേളനം കഴിയുമെങ്കിൽ ഒഴിവാക്കാനുള്ള മാർഗ്ഗം സഭാംഗങ്ങൾ ഏവരും സ്വാഗതം ചെയ്യുന്നതാണ്. അതിലേയ്ക്ക് ഇതോ ഇതല്ലെങ്കിൽ വേറെ മാർഗ്ഗമോ ഉണ്ടോയെന്നു ചിന്തിക്കുന്നതിനു സഭാംഗങ്ങളുടെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും ശ്രദ്ധ പതിയുവാൻവേണ്ടി മാത്രം എഴുതിയിട്ടുള്ള ഒരു ലേഖനം ആണിത്" (*ഒരാൾക്ക് എത്ര മെത്രാൻ വേണം*, ഡോ. എം. കുര്യൻ തോമസ്, കോട്ടയം, 2017, പേജ് 207–209).

1967-ൽ അസോസിയേഷൻ അംഗങ്ങളുടെ എണ്ണം 200 ആയി പരിമിതപ്പെടുത്താൻ അഡ്വക്കേറ്റ് പി. ടി. വർഗീസ് മനോരമ ലേഖനത്തിലൂടെ ആഹ്വാനം ചെയ്യുമ്പോൾ; 1997-ൽ പാത്രിയർക്കീസ് വിഭാഗം ആവശ്യപ്പെട്ടത് വിശ്വാസികളുടെ എണ്ണത്തിന് ആനുപാതികമായ പ്രാതിനിധ്യമാണ്. പാത്രിയർക്കീസ് വിഭാഗത്തിന്റെ ഈ ആവശ്യം മൂലം *വ്യയഹേതുകവും, അതിവിപുലവുമായ ഒരു സമ്മേളനം* ആയി മലങ്കര അസോസിയേഷൻ മാറുകയാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്.

പാത്രിയർക്കീസ് വിഭാഗത്തിന്റെ ആവശ്യപ്രകാരം സുപ്രീംകോടതി വരുത്തിയ ഭേദഗതി

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ തങ്ങളുടെ പള്ളികൾക്ക് വിശ്വാസികളുടെ എണ്ണത്തിന് ആനുപാതികമായ പ്രാതിനിധ്യം കിട്ടുന്നില്ല എന്ന് പാത്രിയർക്കീസ് വിഭാഗം പരാതിപ്പെട്ടു. അതനുസരിച്ച് ഭരണഘടനയുടെ 46, 71 വകുപ്പുകളിൽ 1996 മാർച്ച് 25, 1997 ഫെബ്രുവരി 5 തീയതികളിലെ ഉത്തരവുപ്രകാരം സുപ്രീംകോടതി ഭേദഗതികൾ വരുത്തി. 1997-ൽ ഭരണഘടനയുടെ അനുബന്ധമായി ഇത് ചേർത്തു. ഇതനുസരിച്ച് ആനുപാതിക പ്രാതിനിധ്യപ്രകാരമാണ് 2002 മാർച്ച് 20-ന് മലങ്കര അസോസിയേഷൻ കൂടിയത്.

വിശ്വാസികളുടെ എണ്ണത്തിന് ആനുപാതികമായ പ്രാതിനിധ്യം ഉറപ്പു വരുത്തിയെങ്കിലും, 2002 മാർച്ച് 20-ലെ പരുമല അസോസിയേഷൻ പാത്രിയർക്കീസ് വിഭാഗം ബഹിഷ്ക്കരിക്കുകയാണ് ചെയ്തത്. യോജിച്ച സഭയിൽ, തങ്ങൾ കൂടി ചേർന്ന് ചർച്ച ചെയ്ത് ഭേദഗതി ചെയ്തതും, പിന്നീട് സുപ്രീംകോടതിയോട് ആവശ്യപ്പെട്ട് ഭേദഗതി ചെയ്തതുമായ മലങ്കരസഭാ ഭരണഘടനയെയാണ് ഇന്ന് പാത്രിയർക്കീസ് വിഭാഗം തള്ളിപ്പറയുന്നത്.

'വഞ്ചനയിലൂടെയാണെന്ന് പറയുന്നതിൽ അർത്ഥമില്ലെന്ന്' കല്ലൂപ്പറമ്പിലച്ചൻ

യാക്കോബായ വിഭാഗത്തിന്റെ വൈദിക ട്രസ്റ്റിയായി 1957 ജൂൺ 21-നു 32-ാം വയസിൽ തിരഞ്ഞെടുക്കപ്പെട്ട ഫാ. വി. എം. ഗീവർഗീസ് കല്ലൂപ്പറമ്പിൽ (കോട്ടയം പള്ളം സ്വദേശി. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് പ്രിൻസിപ്പലായിരുന്നു) 1958-ലെ മലങ്കരസഭാ യോജിപ്പിനു വേണ്ടി മുൻനിരയിൽ പ്രവർത്തിച്ച വ്യക്തിയാണ്. പരുമലയിൽ 2002 മാർച്ച് 20-നു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ട്രൈബ്യൂണൽ അംഗമായി പ്രവർത്തിച്ചു. അദ്ദേഹം ഒരു അഭിമുഖത്തിൽ ഈ ലേഖകനോടു പറഞ്ഞത് താഴെ കൊടുക്കുന്നു:

"ഭരണഘടന പ്രകാരം സ്വീകരിച്ചിരിക്കുന്നു" എന്ന് കൽപനയിൽ എഴുതിയത് പാത്രിയർക്കീസ് വിഭാഗം അംഗീകരിച്ചിരുന്നില്ല എന്നു പറയുന്നത് ശരിയാണോ?

ശരിയല്ല; പാത്രിയർക്കീസ് കക്ഷിയിലെ ഉന്നത നേതൃത്വം അത് അംഗീകരിച്ചതാണ്.

1934-ലെ ഭരണഘടന പൂർണ മനസോടെ ബാവാ കക്ഷി സ്വീകരിച്ചെന്ന് പറയാനാവുമോ?

തീർച്ചയായും. മെത്രാച്ചന്മാരെല്ലാം സമ്മതിച്ചതാണ്. ഇതൊരു ഭിന്നതയ്ക്ക് പിന്നീട് വിഷയമാക്കുന്നതാണ്. വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് തിരുമേനിയാണ് ആദ്യം ഉറച്ചു നിന്നത്. "നമുക്കോ ഇല്ല. ഒരു ഭരണഘടനയില്ലാതെ നമുക്ക് മുമ്പോട്ടു പോകാനാകുകയില്ല. അവർക്കുള്ളത് നല്ലത്. അത്രയും ഭാരം ഒഴിഞ്ഞെന്നു വിചാരിച്ചാൽ മതി." മറ്റു തിരുമേനിമാരും അക്കര സി. ജെ. കുര്യൻ (ജൂണിയർ), പാലാമ്പടം ഡോ. പി. ടി. തോമസ് തുടങ്ങിയ അത്മായ നേതാക്കന്മാരും അതിനെ പിന്തുണച്ചു. ഭരണഘടന സ്വീകരിച്ചതായി കോടതിയിൽ എഴുതി കൊടുക്കുകയും ചെയ്തതാണ്. ബാവാ കക്ഷിയെക്കൊണ്ട് ഭരണഘടന അംഗീകരിപ്പിച്ചത് വഞ്ചനയിലൂടെയാണെന്ന് പറയുന്നതിൽ അർത്ഥമില്ല (അഭിമുഖത്തിന്റെ വീഡിയോ യുട്യൂബിൽ ലഭ്യമാണ്).


മലങ്കര ഓർത്തഡോക്സ് (സത്യ) സുറിയാനി സഭയുടെ ഭരണഘടന.

1. പ്രഖ്യാപനം

1. മലങ്കരസഭ—ഓർത്തഡോക്സ് സുറിയാനിസഭയുടെ ഒരു വിഭാഗവും, ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പാത്രിയർക്കീസും, ആകുന്നു.
2. മലങ്കരസഭ—മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായതും, പൌരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയിൽ ഉൾപ്പെട്ടതും, പൌരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും, ആകുന്നു.
3. ഓർത്തഡോക്സ് സുറിയാനിസഭയെ ചില കാരണങ്ങളാൽ യാക്കോബായസഭ എന്നുകൂടെ പേരു പറഞ്ഞുവരുന്നതുപോലെ—മലങ്കരസഭയേയും അതേ കാരണങ്ങളാൽ യാക്കോബായസഭ എന്നുകൂടെ പേരു പറഞ്ഞുവരുന്നുണ്ടെങ്കിലും—അതിനുള്ള പൂർവികമായ സാക്ഷാൽ പേരു്, മലങ്കര ഓർത്തഡോക്സ് (സത്യ)സുറിയാനിസഭ എന്നാകുന്നു.

1958-ലെ സുപ്രീംകോടതി വിധിയിൽ സഭാഭരണഘടനയുടെ രൂപീകരണത്തെപ്പറ്റി പറയുന്നത്

1958-ലെ സുപ്രീംകോടതി വിധിയിൽ, 1934-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചർച്ച ചെയ്ത് പാസ്സാക്കിയ ഭരണഘടനയും അസോസിയേഷൻ സംബന്ധമായ സകല രേഖകളും പരിശോധിച്ച് അതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് വിധി പ്രസ്താവിച്ചിട്ടുണ്ട്. (*സമുദായക്കേസ്: 1958-ലെ സുപ്രധാന സുപ്രീംകോടതി വിധി*, തർജ്ജമ: കെ. മാത്തൻ, രണ്ടാം പതിപ്പ്: 2014, പേജ് 67–73)

2017 ജൂലൈ മൂന്നിലുണ്ടായ കോലഞ്ചേരിപള്ളിക്കേസിൽ സഭാഭരണഘടനയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നതിപ്രകാരമാണ്:

കോലഞ്ചേരിപള്ളി 1934-ലെ ഭരണഘടന സ്വീകരിച്ചു

2002-ലെ ഭരണഘടന മേൽ കാരണങ്ങളാൽ കേസിൽപെട്ട പള്ളികളെ ഭരിക്കാൻ പോന്നതല്ല എന്ന് തങ്ങൾ നിസ്സംശയം വിധിക്കുന്നു എന്നും 1934-ലെ ഭരണഘടനയാണ് ബാധകം എന്നും സുപ്രീംകോടതി പ്രഖ്യാപിച്ചു. ഏറ്റവും കുറഞ്ഞത് 1934-ലെ ഭരണഘടന സ്വീകരിച്ച ശേഷമെങ്കിലും കോലഞ്ചേരിപ്പള്ളി 1913-ലെ ഉടമ്പടിപ്രകാരമല്ല, 1934-ലെ ഭരണഘടനപ്രകാരമാണ് ഭരിച്ചുപോന്നത് എന്ന ഹൈക്കോടതിയുടെ കണ്ടെത്തൽ ശരിയാണ്. 1959 മാർച്ച് 8-ലെ പള്ളിപ്പൊതുയോഗം 1934-ലെ ഭരണഘടന സ്വീകരിച്ചു.

പാത്രിയർക്കീസ് ഭാഗം വാദം റസ്ജുഡിക്കേറ്റാ

1934-ലെ ഭരണഘടനയുടെ 132-ാം വകുപ്പുപ്രകാരം, ഉടമ്പടി പള്ളിയെ ബന്ധിക്കുന്നതായി പരിഗണിക്കാൻ കഴിയില്ല. ഉടമ്പടി സ്വീകരിക്കാൻ കഴിയാത്തവിധം, ഹൈക്കോടതി പരാമർശിച്ചതുപോലെ, മൊഴികളും പ്രമാണത്തെളിവുകളും കേസിലുണ്ട്. കൂടാതെ, 1958-ലെ സമുദായകേസിലും 1995-ലെ വിധിയിലും കണ്ടെത്തിയപ്രകാരം, 1934-ലെ ഭരണഘടന സ്ഥായിയായി നിലനിൽക്കുന്നതാണ്. ഇത് സാധുവാണെന്നും ഇതിലെ വ്യവസ്ഥകൾപ്രകാരം മലങ്കരസഭ ഭരിക്കപ്പെടണമെന്നും തീർപ്പുകല്പിച്ചുള്ളതുമാണ്. 1934-ലെ ഭരണഘടന തള്ളിക്കളയാനുള്ള ഒരു തന്ത്രപരമായ നീക്കം 1913-ലെ ഉടമ്പടി വച്ചുകൊണ്ടു നടത്താവുന്നതല്ല. മേൽപ്രകാരം, പാത്രിയർക്കീസ് പക്ഷത്തിന്റെ സർവ്വപ്രധാന വാദവും, മുമ്പുണ്ടായ കേസുകളിലെ വിധികൾ മൂലം റസ്ജൂഡിക്കേറ്റാ ദോഷമുള്ളതാണ്. (*മലങ്കരസഭാ സ്വാതന്ത്ര്യം കോട്ട കെട്ടി സംരക്ഷിച്ച സുപ്രീംകോടതി വിധികൾ*, അഡ്വ. സജി കൊടുവത്ത്, കോട്ടയം, 2019, പേജ് 234–237)

1934 ഭരണഘടന ഇപ്പോളൊരു പബ്ലിക് ഡോക്യുമെന്റ്

1934 ഭരണഘടനയുടെ ആദ്യ പതിപ്പിന്റെ കോപ്പി കാണാൻ വേണ്ടി കേസ് കൊടുത്തവരും മറ്റും, ഈ ഗ്രന്ഥം ഒരു 'പബ്ലിക് ഡോക്യുമെന്റ്' ആയി മാറിയ കാര്യം ഇതുവരെ അറിഞ്ഞില്ല എന്നു തോന്നുന്നു. കോപ്പിറൈറ്റ് കഴിഞ്ഞ ഗ്രന്ഥങ്ങൾ മനുഷ്യരാശിക്കും ഭാവിതലമുറയ്ക്കും പ്രയോജനപ്പെടുവാൻ 'പബ്ലിക് ഡോക്യുമെന്റ്' ആക്കി മാറ്റി സംരക്ഷിക്കുന്ന ആർക്കൈവ് ഡോട്ട് ഓർഗ് എന്ന സൈറ്റിൽ നിന്നും ഇപ്പോൾ ആർക്കു വേണമെങ്കിലും 1934-ൽ പാസ്സാക്കി 1935-ൽ മലയാള മനോരമ പ്രസ്സിൽ അച്ചടിച്ചു പള്ളികൾക്ക് അയച്ച ഭരണഘടന ഡൗൺലോഡ് ചെയ്യാം (https://archive.org/details/1934_ MOS_ constitution).

മാത്രമല്ല ഭരണഘടനയുടെ പിന്നീട് ഭേദഗതി ചെയ്ത 1959 (https://ia802804.us. archive.org/0/items/1959 MOSC Constitution/1959_ MOSC_ Constitution.pdf), 1974 (https://ia800107.us.archive.org/13/items/MOSC 1974Constitution_201803/MOSC_1974_ constitution.pdf) എന്നീ വർഷങ്ങളിലെ പതിപ്പുകളും ആർക്കൈവ് ഡോട്ട് ഓർഗ് എന്ന സൈറ്റിൽ ലഭ്യമാണ്. 1934 ഭരണഘടനയുടെ മലയാള മനോരമ പ്രസ്സിൽ പ്രിന്റ് ചെയ്ത ആദ്യ പതിപ്പിന്റെ ഒരു കോപ്പി ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സിൽ സുരക്ഷിതമായി സൂക്ഷിക്കുന്നു. പല സ്വകാര്യ വ്യക്തികളുടെ ശേഖരത്തിലും ഈ പതിപ്പുണ്ട്. ❑

മറക്കുവാനാകുമോ ആ പഞ്ചപാണ്ഡവരേ?

ഡോ. സിബി തരകൻ



ഇ. ജെ. ജോൺ വക്കീൽ, കെ. സി. മാമ്മൻമാപ്പിള, റാവുസാഹിബ് ഒ. എം. ചെറിയാൻ, എം. എ. ചാക്കോ, എ. എം. വർക്കി

മലങ്കര ഓർത്തഡോക്സ് സഭ ഇന്നൊരു സ്വതന്ത്ര ക്രൈസ്തവ സഭയാണ്. അതിന്റെ സ്വാതന്ത്ര്യം അക്ഷീണമായ ആലോചനയാലും സുധീരമായ കർമ്മപദ്ധതിയാലും നേടിയെടുത്ത ഒരു കൂട്ടം നേതാക്കന്മാരെ നമ്മൾ മറന്നുകളഞ്ഞിട്ട് ഏറെ നാളായി. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സംസിദ്ധമായ സ്വാതന്ത്ര്യം ഈ നേതാക്കന്മാരുടെ പ്രവർത്തനഫലമാണ് എന്നുള്ള സത്യം ഇന്ന്, ചില ചരിത്രപുസ്തകങ്ങളിലും പഴകിപ്പൊടിഞ്ഞു തുടങ്ങിയ ചില പത്രമാസികകളിലുമായി ഒളിഞ്ഞുകിടക്കുന്നു. സഭ അതിന്റെ ആത്മീയ നേതാക്കന്മാരെ യഥാകാലം ഓർമ്മിക്കാറുണ്ടെങ്കിലും, അവരുടെ ചിന്തകളെയും പ്രവൃത്തികളെയും സുദൃഢമായി സ്വാധീനിച്ച- എന്നുതന്നെയല്ല നിയന്ത്രിക്കുക തന്നെ ചെയ്ത ഈ അത്മായ നേതാക്കന്മാരെ ഓർമ്മിക്കാതിരിക്കുക എന്നത് ഒരു നിർബന്ധമോ എന്നു തോന്നത്തക്കവിധത്തിൽ ആ അവഗണന ഇന്ന് വളർന്ന് വലുതായിരിക്കുന്നതായും നമ്മൾ കാണുന്നു. ചരിത്രം വിസ്മരിക്കപ്പെട്ടാൽ സഭയുടെ അസ്തിത്വം ചോദ്യം ചെയ്യപ്പെടും എന്നത് നാം മറന്നുകൂടാ. **ഒരു കാലഘട്ടത്തിൽ സഭയ്ക്ക് കാവലും തൂണും ആയിരുന്ന ഈ നേതാക്കന്മാർ ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്.** ആരൊക്കെയാണ് ചരിത്രാംശങ്ങളായിത്തീർന്ന, അതുകൊണ്ടുതന്നെ വിസ്മരിക്കപ്പെട്ടുപോയ ആ മഹാരഥന്മാർ? ഒരു പശ്ചാത്താപബോധത്തോടുകൂടിത്തന്നെ ഇതിന് മറുപടി പറയട്ടെ; **ഇ. ജെ. ജോൺ വക്കീൽ, കെ. സി. മാമ്മൻമാപ്പിള, റാവുസാഹിബ് ഒ. എം. ചെറിയാൻ, എ. എം. വർക്കി, എം. എ. ചാക്കോ എന്നിവരായിരുന്നു ഓർത്താൽ നമ്മെ ഞെട്ടിപ്പിക്കുന്നതരത്തിൽ നേതൃത്വവീര്യവും ധീരതയും പ്രകടിപ്പിച്ച ആ മഹാത്മാക്കൾ**. ഇവരിൽ ആരാണ് മുമ്പൻ എന്ന ചിന്ത പ്രസക്തമല്ലതന്നെ; പ്രസക്തമായത് ഇവർ സഭാജീവിതത്തെ എപ്രകാരം കർമ്മോജ്ജ്വലമാക്കി എന്നുള്ളതാണ്. ഇവരുടെ ജീവചരിത്രം സഭാചരിത്രത്തിന്റെ ഭാഗമാണ്; സഭയുടെ ആധുനിക ചരിത്രം ഇവരുടെ ജീവിതത്തിന്റെ ഭാഗവുമാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ നവീനകാല ചരിത്രം – അതിന്റെ സ്വാതന്ത്ര്യത്തിന്റെ ചരിത്രം – ഈ പഞ്ചപാണ്ഡവരുടെ വീരചരിത്രത്തിന്റെ ഇഴതിരിയാത്ത സൗന്ദര്യമാണ്. ആ സൗന്ദര്യത്തെ ഇഴതിരിച്ച് കാട്ടുന്നതോ, ഒരിഴ പൊട്ടിച്ച് പ്രദർശനത്തിനു വയ്ക്കുന്നതോ അനൗചിത്യമായിരിക്കും. അനൗചിത്യം രസഭംഗത്തിനു കാരണമാകുമെന്ന് പുരാതനാചാര്യൻ പറയുന്നു. ആചാര്യവചനത്തെ അംഗീകരിച്ചുകൊണ്ടുതന്നെ ഇഴപൊട്ടിക്കൽ എന്ന മഹാപരാധത്തിന് (ഉദ്ദേശ്യശുദ്ധിക്ക് മാപ്പുനൽകുക) ഈ ലേഖകൻ ശ്രമിക്കുകയാണ്.

റാവുസാഹിബ് ഒ. എം. ചെറിയാൻ മനുഷ്യരൂപം കൈക്കൊണ്ട പൗരുഷമായിരുന്നു. വാക്കിലും നോക്കിലും ചലനത്തിലും പൗരുഷം പ്രസരിപ്പിച്ച ആ മനുഷ്യൻ പാണ്ഡവന്മാരിൽ വച്ച് അർജ്ജുനനായിരുന്നു. ആ അർജ്ജുന തേജസ്വി സഭയ്ക്കുവേണ്ടി ചെയ്തു കൂട്ടിയ കാര്യങ്ങൾ മുഴുവൻ വിശദീകരിക്കുക ഇത്തരമൊരു ചെറിയ ലേഖനത്തിന്റെ ഉദ്ദേശ്യമല്ല. ആ മഹായജ്ഞങ്ങൾ ഏതാനും കടലാസുകളിൽ ഒതുങ്ങുന്നതുമല്ല. അതുകൊണ്ട് ഒരു ദിങ്മാത്ര ദർശനം മാത്രമാണ് നമുക്കിപ്പോൾ സാധിക്കുക. ഒ. എം. ചെറിയാന്റെ ജീവിതത്തിന്റെ പൂർവ്വാർദ്ധവും ഉത്തരാർദ്ധവും സഭയുടെ പ്രവർത്തനങ്ങളോട് എപ്രകാരം പ്രതികരിച്ചു എന്നുള്ളതിന് ഓരോ ഉദാഹരണം കാണിക്കുക മാത്രമേ ഈ ലേഖനത്തിൽ ചെയ്യുന്നുള്ളു.

'മലങ്കര സുറിയാനി മഹാജനസഭ'യുടെ രണ്ടാമത്തെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത ഒ. എം. ചെറിയാനെ നമുക്ക് പരിചയപ്പെടാം. 'സഭ'യുടെ ഒന്നാമതു വാർഷിക സമ്മേളനം 1081 മേടം 21-ന് (1906 ഏപ്രിൽ) തുമ്പമൺ മാർ ഗ്രിഗോറിയോസ് സ്കൂളിൽ വെച്ചാണ് നടന്നത്. 'മലങ്കര സുറിയാനി സാമൂഹ്യ സമ്മേളനം' എന്ന നാമധേയത്തിലായിരുന്നു അതുവരെയും മേൽപ്പറഞ്ഞ പ്രസ്ഥാനം പ്രവർത്തിച്ചുകൊണ്ടിരുന്നത്. കന്നുകുഴിയിൽ കുരുവിള എൻജിനീയറും (കെ. കെ. കുരുവിള), ഒ. എം. ചെറിയാനും പങ്കെടുത്തതുകൊണ്ടുതന്നെ സഭയുടെ രണ്ടാമതു വാർഷിക സമ്മേളനം ശ്രദ്ധേയമായിത്തീർന്നു. 1082 ഇടവം 1 (1907 മെയ് 14) ന് പഴയ സെമിനാരിയിൽ കൂടിയ ആ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ കുരുവിള എൻജിനീയറായിരുന്നു. 'സുറിയാനി സമുദായത്തിന്റെ തൽക്കാലാവസ്ഥയെ സംബന്ധിച്ച ചില വിമർശനങ്ങൾ' എന്ന വിഷയം പുരസ്കരിച്ച് ഒ. എം. ചെറിയാൻ ആ സമ്മേളനത്തിൽ പ്രസംഗിച്ചു. "മലയാള ഭാഷാ വിദഗ്ദ്ധനും സൂക്ഷ്മദർശിയുമായ ചെറിയാന്റെ പ്രസംഗം വാചകസൗഷ്ടവംകൊണ്ടും കാര്യസാര പ്രകടനംകൊണ്ടും സവിശേഷം ശ്രവണീയവും സരസ്സവുമായിരുന്നതിനാൽ ശ്രോതാക്കളെ എല്ലാം ഒരുപോലെ അപഹൃദചിത്തരാക്കിത്തീർത്തു" എന്നാണ് മലയാള മനോരമ ആ പ്രഭാഷണത്തെ വിലയിരുത്തിയത്. ഈ വിലയിരുത്തലിൽ 'വാചകസൗഷ്ടവം' 'കാര്യസാര പ്രകടനം' എന്നീ ഘടകങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ടെങ്കിലും മറ്റു ചില കാരണങ്ങൾ കൊണ്ടാണ് ആ പ്രസംഗം സഭയുടെ ചരിത്രത്തിൽ സ്ഥാനമുള്ളതായിത്തീരുന്നത്. ആ പ്രസംഗം ഒരേ സമയം ഭൂതകാലത്തിന്റെ വിമർശനവും വർത്തമാനത്തിന്റെ വിശകലനവും ഭാവിയിലേയ്ക്കുള്ള വിരൽചൂണ്ടലുമായിരുന്നു. നാല് ആശയങ്ങളാണ് ആ പ്രസംഗത്തിൽ പ്രധാനമായി ഉണ്ടായിരുന്നത്.

1. 'സുറിയാനി സമുദായം വകയായി തിരുവിതാംകൂറിലുള്ള എല്ലാ പള്ളിക്കൂടങ്ങളേയും ഏകശരീരാവയവങ്ങളാക്കുന്നതിന് ഒരു കമ്പാരറ്റീവ് പരീക്ഷ ഉണ്ടാകണം.'

2. 'സുറിയാനി സമുദായ യുവാക്കന്മാരെ ഉയർന്നതരം വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി ഇംഗ്ലണ്ടിൽ അയയ്ക്കുന്നതിനായി ഒരു പൊതു ധനം ഉണ്ടാവണം. സ്കോളർഷിപ്പു ധനം വാങ്ങുന്ന ആളുകളിൽനിന്ന് അവരുടെ ശമ്പളത്തുകയുടെ ഒരു അംശമോ ഇൻഷുറൻസു ധനാംശമോ മടക്കിവാങ്ങി പൊതുധനത്തെ ശാശ്വതീകരിക്കണം.'

3. 'സ്ത്രീവിദ്യാഭ്യാസ വർദ്ധനത്തിനു കന്യകാ മഠങ്ങളുടെ പ്രവൃത്തി നല്ലതാണെങ്കിൽ ആ പ്രവൃത്തിമാർഗ്ഗത്തെ സ്വീകരിക്കണം. റോമാ സമുദായം ഈ മലയാളരാജ്യത്തിൽ നടത്തിപ്പോരുന്ന കന്യകാമഠങ്ങളുടെ സൽഫലത്തെ ആലോചിക്കുന്നതായാൽ ഈ പ്രവൃത്തിമാർഗ്ഗം സ്വീകാര്യമാണെന്നു തോന്നും.'

4. 'സമുദായത്തിന്റെ ജീവനായിരിക്കുന്ന ദൈവഭക്തിയെ വർദ്ധിപ്പിക്കേണ്ടതിന് പരിശ്രമം അത്യാവശ്യമായി ചെയ്യപ്പെടണം. ദൈവഭക്തി വർദ്ധനത്തിന് ഒരു പ്രത്യക്ഷ ആധാരമായിരുന്ന മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പരുമല തിരുമേനി) തിരുമനസ്സിലെ തിരോധാനം സ്മരിക്കുന്നതായാൽ ദൈവഭക്തി വർദ്ധന വിഷയമായി വല്ലതും ചെയ്യേണ്ടതാണെന്ന് നാം പ്രബലമായി ആലോചിക്കും. ദൈവഭക്തി വർദ്ധനത്തിന് ആവശ്യമായ മാർഗ്ഗം വൈദിക വിദ്യാഭ്യാസം ശരിയായി നടത്തുന്നതാണെന്നല്ലാതെ മനുഷ്യബുദ്ധിക്കു തോന്നാവുന്നതല്ല.'

സമുദായത്തിന്റെ വളർച്ച സമുദായാംഗങ്ങളുടെ സാംസ്കാരികമായ വളർച്ചയാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ആശയങ്ങളുടെ ലോകത്തെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു എന്നത് ശരി തന്നെ. ആ ആശയങ്ങളെ കർമ്മമായി രൂപാന്തരപ്പെടുത്താനുള്ള പ്രായോഗിക ബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു എന്നുള്ളത് മറ്റ് സ്വപ്നജീവികളിൽ നിന്ന് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. അദ്ദേഹം ഒരേസമയം തന്നെ നക്ഷത്രപഥങ്ങൾ അന്വേഷിച്ച് പറന്നുയരുന്നവനും യാഥാർത്ഥ്യങ്ങൾ അന്വേഷിച്ച് കാൽനടയായി ഭൂമിയിൽ യാത്ര ചെയ്യുന്നവനുമായിരുന്നു. അത്തരത്തിലുള്ള ഒരാൾക്കല്ലാതെ മേൽപ്പറഞ്ഞ ആശയങ്ങളെ പ്രസംഗരൂപത്തിൽ അവതരിപ്പിക്കുക സാദ്ധ്യമല്ല. ആ പ്രസംഗം ഇക്കാലത്തു നടക്കുന്ന പതിനായിരക്കണക്കിനു പ്രസംഗങ്ങളെപ്പോലെ കാറ്റിൽ പറന്ന് ഇല്ലാതാവുകയല്ല ഉണ്ടായത്. അതേ സമ്മേളനം തന്നെ അനുകൂലമായ ചില തീരുമാനങ്ങൾ കൈക്കൊണ്ട് ആ പ്രസംഗത്തെ ആദരിച്ചു. സമുദായം വകയായി എല്ലാ വിദ്യാലയങ്ങളിലും ശിക്ഷാക്രമത്തിന് ഐകരൂപ്യം വരുത്തുന്നതിനും പരീക്ഷകൾ നടത്തുന്നതിനും മറ്റുമായി ഇ. എം. പീലിപ്പോസ് രജിസ്ട്രാറായുള്ള ഒരു കമ്മിറ്റിയെ ആ യോഗം തെരഞ്ഞെടുത്തു എന്നുള്ളത് ഒ. എം. ചെറിയാന്റെ ആശയങ്ങളുടെ പ്രായോഗികതയെ വ്യക്തമാക്കുന്നു.

ഒ. എം. ചെറിയാന്റെ ജീവിതത്തിന്റെ ഉത്തരാർദ്ധം സഭയുടെ പ്രവർത്തനങ്ങളോട് ഏറ്റവും ശക്തമായി പ്രതികരിച്ചതിന് ഒരു ഉദാഹരണം കാണിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളാം.

ഒ. എം. ചെറിയാന്റെ ജീവിതത്തെ മലങ്കര ഓർത്തഡോക്സ് സഭയുമായി ബന്ധിപ്പിച്ചു കൊണ്ട് പൂർവ്വാനുഭവങ്ങളെ ഓർമ്മിക്കാൻ ശ്രമിക്കുന്ന പഴയ ആളുകൾ ആദ്യം ഓർക്കുന്നത് 'കാതോലിക്കേറ്റ് നിധി' ഉണ്ടാക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്കിനെ സംബന്ധിച്ചാണ്. സമുദായത്തിന്റെ ആവശ്യത്തിന് ധനശേഖരണം നടത്തുന്നത് സംബന്ധിച്ച പ്രമേയം 1934 ഡിസംബർ മാസത്തിൽ നടന്ന 'മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷനിൽ' കെ. സി. മാമ്മൻമാപ്പിള അവതരിപ്പിച്ചു. ഒ. എം. ചെറിയാൻ ഈ പ്രമേയത്തെ അനുകൂലിച്ച് പ്രസംഗിച്ചു. "പ്രതിമാസം പണമായി വരവുള്ള സമുദായാംഗങ്ങളോട് കഴിയുന്നതും വലിയ സംഖ്യകൾ പിരിക്കുന്നതിന്" എ. എം. വർക്കി, കെ. സി. മാമ്മൻമാപ്പിള എന്നിവരെയാണ് അസോസ്യേഷൻ ചുമതലപ്പെടുത്തിയത്. പ്രതിമാസ ശമ്പളക്കാരായ സുറിയാനി ക്രിസ്ത്യാനികൾ അക്കാലത്ത് എത്രയോ കുറവായിരുന്നു! പ്രതിമാസ ശമ്പളക്കാരെ ഒഴിച്ചുനിറുത്തുമ്പോൾ പ്രത്യക്ഷമാവുന്ന പതിനായിരക്കണക്കിന് ആളുകളിൽ നിന്ന് പണം പിരിക്കുക എന്ന ശ്രമസാദ്ധ്യമായ കൃത്യമാണ് അസോസ്യേഷൻ ഒ. എം. ചെറിയാനെ ഏൽപ്പിച്ചത്. അദ്ദേഹം അത് ഫലപ്രദമായി ചെയ്തുതീർത്തു എന്നല്ല, ആരിലും അസൂയ ജനിപ്പിക്കുന്നതരത്തിൽ അത്ഭുതകരമായ നേതൃത്വശക്തിയോടെ അതു ചെയ്തുതീർത്തു. മലങ്കരയിലെ ഒന്നാമത്തെ പൗരസ്ത്യ കാതോലിക്കായുടെ ഓർമ്മദിവസമായ മേടം 20-ന് (1110 മേടം 20) രാവിലെ എട്ടു മണി മുതൽ വൈകിട്ട് നാലു മണി വരെയുള്ള പരിശ്രമം കൊണ്ട്, മലങ്കര സമുദായം അഭിവൃദ്ധിക്കുള്ള ആധാരം പ്രതിഷ്ഠിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. ഒന്നാം ലോകമഹായുദ്ധകാലത്ത് റിക്രൂട്ടിങ്ങ് ഓഫീസറായി പ്രവർത്തിച്ചപ്പോൾ കാട്ടിയ കർമ്മശേഷി അദ്ദേഹം ഒരിക്കൽക്കൂടി പ്രദർശിപ്പിച്ചത് ഈ സന്ദർഭത്തിലായിരുന്നു. അദ്ദേഹം ഒന്നിനു പിറകെ ഒന്നായി ജനഹൃദയങ്ങളിൽ ആവേശം വിതറിക്കൊണ്ട്, വിജ്ഞാപനങ്ങളും ലഘുലേഖകളും എഴുതി പ്രസിദ്ധപ്പെടുത്തി. 1935 ജനുവരി മൂന്നാംതീയതി പ്രഭാതത്തിൽ 'മലയാള മനോരമ' അത്തരത്തിലുള്ള ഒന്നാമത്തെ വിജ്ഞാപനവും വഹിച്ചുകൊണ്ടാണ് വായനക്കാരുടെ മുന്നിലെത്തിയത്. ഒ. എം. ചെറിയാൻ ഇപ്രകാരം എഴുതി: "സുറിയാനി രക്തം സിരകളിൽ ഓടുന്നവരും, സുറിയാനിപ്പെണ്ണുങ്ങളുടെ മുലപ്പാലിന്റെ രുചി അറിഞ്ഞവരുമായ സകലന്മാരും വിപുലമായ ഈ ധനസമ്പാദന പരിശ്രമത്തിൽ പങ്കെടുക്കേണ്ടവരാകുന്നു. തോൾ കൊടുക്കാത്തവൻ ഭാരം അറിയുകയില്ല. ഭാരം അറിഞ്ഞവൻ തോൾ കൊടുക്കും. സമ്പാദിക്കേണ്ട ധനത്തിന്റെ അളവിനെയും സംബന്ധിക്കേണ്ട ആളുകളുടെ എണ്ണം നിമിത്തം ധരിക്കാവുന്ന ശ്വാസബലത്തെയും മുൻനിറുത്തി ആലോചിച്ചാൽ ഈ കാതോലിക്കേറ്റു നിധിയിലേക്കു കാശെങ്കിലും കൊടുക്കാതെ, ഒരു ഗൃഹമോ ആളോ മലങ്കരയിൽ ശേഷിച്ചുകൂടാത്തതാകുന്നു. മലങ്കരത്താമസക്കാർ എന്ന പദംകൊണ്ട് ഇവിടെ നിർദ്ദേശിക്കുന്നത് ഭാരതത്തിലോ ഇതര ഭൂവിഭാഗത്തിലോ, സൂര്യനു കീഴിൽ എവിടെയും നസ്രാണി എന്ന ചുണയോടുകൂടി താമസിക്കുന്ന സകലരേയും അത്രെ...."

യുവജനങ്ങളെ അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്തു. "യുവജനങ്ങൾ തീ പിടിച്ചു നിൽക്കണം. ഈ പ്രസ്ഥാനത്തിന്റെ വിജയത്തിന്റെ ജീവനാഡിയായി ഞാൻ ആശ്രയിക്കുന്നത്, ദൈവം കഴിഞ്ഞ് യുവജനങ്ങളെയാണ്....."

"... രാവിലെ നിർദ്ധനമായിരുന്ന സുറിയാനി സമുദായം വൈകുന്നേരം സധനമാകണം എന്നുള്ള പ്രത്യാശ പരിഹാസകാരണമായി പലർക്കും തോന്നാവുന്നതാണ്. എന്നാൽ ആ പരിഹാസത്തെ വഹിച്ചുകൊള്ളാമെന്ന് അഞ്ചു ലക്ഷം ആളുകൾ അടങ്ങിയ സുറിയാനി സമുദായത്തിൽ ചുണയും ദൈവാശ്രയവും ഉള്ള ആയിരം ആണുങ്ങൾ ഉണ്ടാകുമെങ്കിൽ പരിഹസിക്കുന്നവരെത്തന്നെ പരിഹാസം തിരിഞ്ഞുകടിച്ചുകൊള്ളും. വിയർക്കാത്തവൻ രുചി അറിയുകയില്ല. മുള്ളുകൊള്ളുവാൻ മടിക്കുന്നവൻ പൂ പറിക്കുകയില്ല."

ഇത്തരത്തിലുള്ള വിജ്ഞാപനങ്ങൾ മുഖേന മാത്രമല്ല, നൂറുകണക്കിന് പ്രഭാഷണങ്ങൾ വഴിയായും 'കാതോലിക്കേറ്റു നിധി' എന്ന ആശയം അദ്ദേഹം സുറിയാനി ക്രിസ്ത്യാനികളുടെ ആലോചനകളുടെയും സംഭാഷണങ്ങളുടെയും പ്രധാന വിഷയമാക്കിത്തീർത്തു. കുന്നംകുളം മുതൽ തിരുവിതാംകോടു വരെയുള്ള നസ്രാണി കേന്ദ്രങ്ങളിലെല്ലാം ഒ. എം. ചെറിയാൻ സഭയ്ക്കുവേണ്ടി തന്റെ നാവിന്റെ അജയ്യമായ ശക്തി പ്രയോജനപ്പെടുത്തി. അതിന്റെ ഫലം അത്ഭുതകരമായിരുന്നു. അനേകമാളുകൾ നിധി സംഭരണത്തിൽ തങ്ങളുടെ പിന്തുണയും സഹായവും ഒ. എം. ചെറിയാന് വാഗ്ദാനം ചെയ്തു. "... യുവജനങ്ങളുടെയിടയിൽ നാണം വാരിയെറിയുന്ന മി. ചെറിയാന്റെ പ്രസ്താവനകൾ സുറിയാനി രക്തം സിരകളിൽക്കൂടി ഒഴുകുന്ന ഏതൊരുവനെയാണ് ഉത്സാഹിപ്പിക്കാതിരുന്നത്" എന്നും "ഈ നിധി സംബന്ധിച്ച് എന്തും ചെയ്വാനുള്ള സന്നദ്ധതയോടുകൂടിയവരും, പ്രാപ്തിയും ഉത്സാഹവും ഉള്ളവരും ആയ 50-ൽ കുറയാതെ വാളണ്ടിയർമാരെ മി. ചെറിയാൻ ആവശ്യപ്പെടുന്ന സമയത്ത് ഇവിടെനിന്ന് യാതൊരു പ്രയാസവും കൂടാതെ കിട്ടുന്നതാണ്" എന്നും മറ്റുമുള്ള നിരവധി അനുകൂല പ്രതികരണങ്ങൾ അദ്ദേഹത്തിന്റെ ഉത്സാഹത്തെ പതിന്മടങ്ങ് വർദ്ധിപ്പിച്ചു. പ്രസംഗങ്ങൾക്കായി മാത്രമല്ല, പള്ളികളിലുണ്ടായ ഭിന്നതകൾ തീർക്കാനും അദ്ദേഹത്തിന് നിരവധി യാത്രകൾ ചെയ്യേണ്ടിവന്നു. നിധിപിരിവ് വലിയ ഒരു ഉത്സവമാക്കാൻ എന്തെല്ലാം വേണമോ, അതെല്ലാം ചെയ്യുന്നതിൽ അദ്ദേഹം അങ്ങേയറ്റം തല്പരനായി. 'കാതോലിക്കേറ്റുനിധി' എന്ന പേരിൽ ഒരു വഞ്ചിപ്പാട്ടു തന്നെ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു.

ആ വഞ്ചിപ്പാട്ട് ഓരോ നസ്രാണികേന്ദ്രങ്ങളിലും അത്യുച്ചത്തിൽ മുഴങ്ങി. നിധിപ്പിരിവ് ജനങ്ങൾക്ക് ഒരു ഉത്സവമായി. മലങ്കരസഭ അതിനുമുമ്പ് മറ്റൊന്നിനുവേണ്ടിയും ഇത്രമാത്രം ആവേശം കൊണ്ടതായി കാണുന്നില്ല. 'മലങ്കര സമുദായത്തിൽ പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്തതുപോലെ വിസ്താരമായ നിധിസംഭരണം ഈ മേടമാസം 20-ന് വെള്ളിയാഴ്ച നടക്കത്തക്കവണ്ണം, പ്രചരണകർമ്മങ്ങളും അവസാന ചടങ്ങുകളും ഊർജ്ജിതമായി നടന്നുവരുന്നു. ഓർതോദുക്സോ സുറിയാനി സമുദായത്തിൽപ്പെട്ട വൃദ്ധന്മാർക്കും ബാലന്മാർക്കും സ്ത്രീകൾക്കും സർവ്വർക്കും സംഭാഷണവിഷയം ഇതു തന്നെ. മലങ്കരയുള്ള സർവ്വന്മാരും നിധി, നിധി, നിധി എന്ന ആ ചിന്തയിൽ വ്യാപൃതന്മാരായിരിക്കുന്നു' എന്ന പത്രറിപ്പോർട്ട് ജനങ്ങളിൽ അനുഭവപ്പെട്ട ആവേശത്തിമിർപ്പിന്റെ ഒരംശം മാത്രമായിരിക്കാം.

1110 മേടം 20-ന് രാവിലെ ഏഴു മണി മുതൽ വൈകിട്ട് നാലു മണി വരെയുള്ള ഒൻപതു മണിക്കൂർ സമയത്തെ പരിശ്രമം കൊണ്ട് 'കാതോലിക്കാ സിംഹാസന വ്യവസ്ഥാപിത നിധി'യിലേക്ക് പതിനെണ്ണായിരത്തോളം രൂപ സഭാംഗങ്ങളിൽ നിന്ന് പിരിച്ചുണ്ടാക്കുക എന്ന അത്ഭുതം യാഥാർത്ഥ്യമായത് ഒ. എം. ചെറിയാൻ നേതൃസ്ഥാനത്തുണ്ടായിരുന്നതുകൊണ്ടു മാത്രമാണ്. നിധി പിരിവ് സംബന്ധിച്ചുള്ള റിപ്പോർട്ട് ഒരു വലിയ പുസ്തകമായി അച്ചടിച്ച് ഓരോ പള്ളിക്കും അയച്ചുകൊടുത്തു. 'മലങ്കരസഭ' എന്ന ശീർഷകത്തിൽ ഒ. എം. ചെറിയാൻ അതിൽ എഴുതിയിട്ടുള്ള പ്രൗഢമായ ഉപന്യാസം ആ ഗ്രന്ഥത്തെ അവിസ്മരണീയമാക്കുന്നു. 'മലങ്കരസഭ' എന്ന പേരിലും 'കാതോലിക്കാ സിംഹാസനം' എന്ന പേരിലും ആ ഉപന്യാസം പുസ്തകരൂപത്തിൽ പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

ഒരു പണപ്പിരിവ് നടത്തി എന്നതല്ല നിധി സംഭരണ പ്രസ്ഥാനം കൊണ്ടുണ്ടായ പ്രധാന പ്രയോജനം, കെ. ഐ. വറുഗീസ് മാപ്പിള ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, സമുദായൈക്യബോധത്തെ സൃഷ്ടിക്കുന്നതിന് ഈ നിധി സംഭരണപ്രസ്ഥാനം ഉപയോഗപ്പെട്ടിട്ടുണ്ട് എന്നതാണ് പ്രഥമവും പ്രധാനവുമായ പ്രയോജനം.

Printed and Published by Sunil C Abraham on behalf of Orthodox Sabha Almayavedhi, Pampady P.O., Kottayam.
DTP & Printing: Sophia Print House, Kottayam